LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : അതുസംബന്ധിച്ച മൊത്തം കണക്ക് എന്റെ കൈവശമില്ല. ബഹുമാനപ്പെട്ട മെമ്പർക്ക് പിന്നീടുതരാം. ആ ഫണ്ട് മുഴുവൻ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്. അത് അവിടെയുണ്ട്. അനാവശ്യമായിട്ടൊന്നും എടുത്തിട്ടില്ല. ചെലവാക്കിയിട്ടുമില്ല. ചെറുപ്പക്കാർ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ഒരു സ്വയംതൊഴിലിനുവേണ്ടി പ്രോജക്ട് തയ്യാറാക്കിവന്നാൽ തീർച്ചയായിട്ടും അവർക്ക് ബാങ്കുകളിൽനിന്നും വായ്പ സംഘടിപ്പിച്ചുകൊടുക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : കാർഷിക മേഖലയ്ക്ക് ആകർഷകമായ പലരീതിയിലുള്ള കർഷക രക്ഷാ പരിപാടികളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. കാർഷിക മേഖലയുടെ വളർച്ചയ്ക്ക് ഉതകുന്ന മാനസിക അവബോധം സൃഷ്ടിക്കുന്നതിന് പ്രത്യേകിച്ചും വ്യാപകമായ രീതിയിലുള്ള പ്രചരണ പ്രവർത്തനങ്ങൾ ഇതുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി തൊടുപുഴയിൽ നടത്തിക്കൊണ്ടിരിക്കുന്ന വളരെ ആകർഷകമായ ഒരു പരിപാടിയുണ്ട്, കാർഷിക മേള. ആഴ്ച നീണ്ടുനിൽക്കുന്ന, ലക്ഷക്കണക്കിനാളുകൾ പങ്കെടുക്കുന്ന, ഒരു മേളയാണ്. ആ മേളയുടെ ഭാഗമായി ജനങ്ങളെ ആകർഷിക്കാൻ വിവിധ രീതിയിൽ സാധിക്കുന്നുണ്ട്. അതുപോലെ ചില സഹകരണ സംഘങ്ങൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, ചില മേഖലയിൽ മേളകൾ സംഘടിപ്പിക്കുന്നുണ്ട്. കൃഷി വകുപ്പുതന്നെ, ചെറുപ്പക്കാരെ ഈ കാർഷിക സംസ്ക്കാരത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരുന്നതിനുവേണ്ടി കാർഷികമേളകൾ സംഘടിപ്പിക്കുന്നതിനു ബോധപൂർവ്വമായ പ്രവർത്തനത്തിന് നേതൃത്വം കൊടുക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു പോലെ ഇപ്പോൾത്തന്നെ സംസ്ഥാന തലത്തിൽ കൃഷി വകുപ്പിന്റെ കാർഷിക മേളയും കാർഷിക ഉത്സവവുമുണ്ട്. അങ്ങ് തൃശ്ശൂരിൽ പങ്കെടുത്ത് കൃഷി വകുപ്പിന്റെ ഉത്സവം കണ്ടതാണ്. അതുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്തുമായും സഹകരിച്ച് എല്ലാ ജില്ലകളിലും അതേ മത്യകയിലുള്ള കാർഷിക മേളകൾ സംഘടിപ്പിക്കാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

4 (*64) ഏകീകൃത വിൽപ്പന നികുതി നിയമം

ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി.ജെ. ജോയി :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏകീകൃത വിൽപ്പന നികുതി നിയമം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) വിൽപ്പന നികുതി ഏകീകരിക്കുന്നതിനുള്ള തീരുമാനം നടപ്പിലാക്കുന്നതുമൂലം സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്തുണ്ടാകുന്ന വ്യതിയാനത്തെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദ വിവരം നൽകുമോ;

(സി) നികുതി ഏകീകരണം മൂലം സംസ്ഥാനത്ത് ചില സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടെന്ന് കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഏകീകരണംമൂലം ഏതെല്ലാം സാധനങ്ങളുടെ നികുതിനിരക്കുകളിൽ വർദ്ധനവും കുറവും ഉണ്ടാകുമെന്ന് വെളിപ്പെടുത്തുമോ;

(ഇ) വിൽപ്പന നികുതി ഏകീകരണം സംസ്ഥാനത്തെ കാർഷികമേഖലയ്ക്ക് തിരിച്ചടിയാകുമെന്ന കർഷകരുടെയും വ്യാപാരികളുടെയും ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(എഫ്) വിൽപ്പന നികുതി ഏകീകരണം സംസ്ഥാനത്തെ മോട്ടോർ വാഹന വിൽപ്പനയേയും മോട്ടോർ വാഹന സ്പെയർപാർട്ട്സ് വിൽപ്പനയേയും ഏതു തരത്തിലാണ് ബാധിച്ചതെന്ന് വ്യക്തമാക്കുമോ;

(ജി) ഏകീകരണം മൂലം സംസ്ഥാനത്ത് ഇവയുടെ വിൽപ്പനയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(എച്ച്) വിൽപ്പന വർദ്ധനവ് ഉണ്ടായിട്ടില്ലെങ്കിൽ അതു പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഐ) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന ഏതൊക്കെ ഭക്ഷ്യവസ്തുക്കൾക്ക് ഏകീകരണം മൂലം വിലക്കുറവ് ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; ഏതൊക്കെ ഭക്ഷ്യ വസ്തുക്കൾക്ക് വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്;

(ജെ) ദക്ഷിണേന്ത്യയിലെ ചില സംസ്ഥാനങ്ങളിൽ ഏകീകൃത വിൽപ്പനനികുതി നിയമം നടപ്പാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(കെ) ഏകീകരണംമൂലം സംസ്ഥാന സർക്കാരിന് നികുതി ഇനത്തിൽ എന്തു തുകയുടെ വർദ്ധനവ് ഉണ്ടായി എന്ന് വ്യക്തമാക്കുമോ; വർദ്ധനവ് ഉണ്ടായിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(എൽ) ഏകീകരണത്തിനുശേഷം വിലവർദ്ധനവ് ഉണ്ടായ സാധനങ്ങളുടെ വിൽപ്പനയിൽ കുറവ് വന്നിട്ടുണ്ടോ; ഇതുമൂലം സർക്കാരിന് നികുതി ഇനത്തിൽ എന്തു തുകയുടെ കുറവ് വന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(എം) ഏകീകൃത വിൽപ്പന നികുതി നിയമം നടപ്പിലാക്കിയതുമൂലം സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പു മന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഡൽഹിയിൽ വച്ചു നടന്ന മുഖ്യമന്ത്രിമാരുടെയും സംസ്ഥാന ധനകാര്യമന്ത്രിമാരുടെയും സമ്മേളന തീരുമാനമനുസരിച്ച് 1.1.2000 മുതൽ സംസ്ഥാനത്ത് ഏകീകൃത തറനിരക്കുകൾ (floor rate) നടപ്പിലാക്കിയിട്ടുണ്ട്. ഇതുപ്രകാരം വിൽപ്പന നികുതി നിയമത്തിലെ ഒന്നാം പട്ടികയിലുൾപ്പെടുത്തിയിട്ടുള്ള സാധനങ്ങൾക്ക് പുതിയ നികുതി നിരക്കുകൾ നിലവിൽ വന്നു. കൂടാതെ മൂന്ന്, നാല്, അഞ്ച് പട്ടികകളിലും ചെറിയ മാറ്റങ്ങൾ വന്നു. ഇതുസം

LIBRARY ARCHIVES Kerala Legislative Assembly

ബന്ധമായി 1999-ലെ "കേരളാ ടാക്സേഷൻ ലാസ്(അമെന്റ്മെന്റ്) ഓർഡിനൻസും അനുബന്ധ ഗവൺമെന്റ് ഉത്തരവുകളും പുറപ്പെടുവിക്കുകയുണ്ടായി.

(ബി) വിൽപ്പന നികുതിയിൽ ഏകീകൃത തറനിരക്കുകൾ 1.1.2000 മുതൽ രാജ്യത്തൊട്ടാകെ നിലവിൽ വരണമെന്നത് അഖിലേന്ത്യാ തലത്തിൽ കൈക്കൊണ്ടിട്ടുള്ള ഒരു തീരുമാനമാണ്. ഇക്കാര്യത്തിൽ വിശദമായ വിലയിരുത്തലുകൾക്കുള്ള സമയമായിട്ടില്ല.

(സി) ഇല്ല.

(ഡി) പുതിയ നികുതി നിരക്കുകൾ നടപ്പാക്കിയതിനുശേഷം പല സാധനങ്ങൾക്കും പ്രത്യേകിച്ച് നിത്യോപയോഗ സാധനങ്ങൾക്ക് വില കുറഞ്ഞിട്ടുണ്ട്. സൗന്ദര്യ വർദ്ധകവസ്തുക്കൾ, ടോയിലറ്റീസ് മുതലായവയ്ക്ക് നികുതിനിരക്ക് വർദ്ധിച്ചിട്ടുണ്ടെങ്കിലും വർദ്ധന ഉണ്ടായതായി അറിവില്ല.

(ഇ) കാർഷികമേഖലയ്ക്ക് തിരിച്ചടിയുണ്ടായിട്ടില്ല. കുരുമുളക്, ഏലം, അടയ്ക്ക എന്നിവയുടെ നികുതി ഏകീകൃത നിരക്കായ 8% ൽ നിന്നും 4% ആയി കുറച്ചു. സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ സംഭരിക്കുന്ന റബ്ബറിനെ വാങ്ങൽ നികുതിയിൽ നിന്നും ഒരു വർഷത്തേക്കുകൂടി ഒഴിവാക്കി. കാർഷികോപകരണങ്ങളുടെ വിൽപ്പന നികുതി പൂർണ്ണമായും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്)&(എച്ച്) പുതിയ നിയമം നടപ്പാക്കിയത് 1.1.2000 മുതൽ ആയതിനാൽ ഈ നിയമം മോട്ടോർ വാഹനങ്ങളുടെയും സ്പെയർപാർട്ട്സുകളുടെയും വിപണനത്തെ എങ്ങനെ ബാധിച്ചു എന്ന കാര്യം വിലയിരുത്താൻ കുറച്ചുകൂടി സമയമെടുക്കും. ഇത്തരം കാര്യങ്ങളെപ്പറ്റിയുള്ള പരാതികൾ വിൽപ്പന നികുതി വകുപ്പിൽ രൂപീകരിച്ചിട്ടുള്ള പരാതി സെല്ലിന്റെ പരിഗണനയിലാണ്.

(ഐ) അരി, ഭക്ഷ്യഎണ്ണകൾ, പൊടിച്ച ധാന്യങ്ങൾ മുതലായ ഭക്ഷ്യവസ്തുക്കൾക്ക് വിലയിൽ കുറവുണ്ടാകാൻ സാദ്ധ്യതയുണ്ട്. വിലവർദ്ധനയുണ്ടായതായി ഇപ്പോൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജെ) ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഇപ്പോൾ ഈ നിയമം നടപ്പിലാക്കിക്കഴിഞ്ഞു. എന്നാൽ കേന്ദ്രഭരണ പ്രദേശമായ പോണ്ടിച്ചേരിയിൽ ഈ നിയമം നടപ്പാക്കിയതായി വിവരം ലഭിച്ചിട്ടില്ല.

(കെ)&(എം) നികുതി നിരക്കുകൾക്ക് ഫ്ളോർ റേറ്റ് ഏർപ്പെടുത്താൻ തീരുമാനിച്ചത് പെട്ടെന്ന് നികുതി വരുമാനത്തിൽ വർദ്ധന ഉണ്ടാവുമെന്ന് പ്രതീക്ഷിച്ചുകൊണ്ടല്ല, സംസ്ഥാനങ്ങൾ തമ്മിൽ നികുതി നിരക്കുകളിലും നികുതി ഇളവുകളിലും നിലനിന്നിരുന്ന മത്സരം ഒഴിവാക്കുന്നതിനുവേണ്ടിയാണ്. രാജ്യമാസകലം ബാധകമായ മൂല്യവർദ്ധിത നികുതി സമ്പ്രദായം നടപ്പിലാക്കുന്നതിന്റെ മുന്നോടിയായിട്ടാണ് ഇപ്പോൾ ഏകീകൃത തറനിരക്കുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഇതിന്റെ നേട്ടകോട്ടങ്ങൾ വിലയിരുത്താനുള്ള സമയമായിട്ടില്ല.

5 (*65) കെ.എസ്.ആർ.ടി.സി. ലാഭകേരമാക്കുന്നതിനെ സംബന്ധിച്ചുള്ള പഠനം

<u>ശ്രീമതി എൻ.കെ. രാധ</u> :
<u>ശ്രീ. എളമരം കരീം</u> :
<u>ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ</u> :
<u>ശ്രീ. എ. അലിഹസ്സൻ</u> :

LIBRARY ARCHIVES Kerala Legislative Assembly